2025 SEPTEMBER
23
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper






# സമുദ്രമേഖലാ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു

**കൊച്ചി:** ഇന്ത്യയുടെ ബ്ലൂ സമ്പദ്‌വ്യവസ്ഥ വളർച്ചയുടെ പുതിയ യുഗം കുറിച്ചുകൊണ്ട് ഗുജറാത്തിലെ ഭാവ്നഗറിൽ നടന്ന സമുദ്ര സേ സമൃദ്ധി ചടങ്ങിൽ 34,200 കോടിയിലധികം രൂപയുടെ വിവിധ സമുദ്രമേഖലാ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. ഇതിന്റെ ഭാഗമായി കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് (സി.എസ്.എൽ), ഇന്ത്യയുടെ കപ്പൽ നിർമ്മാണ, സമുദ്ര ഗതാഗത ശേഷികൾ ത്വരിതപ്പെടുത്തുന്നതിനായി ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചു. ദക്ഷിണ കൊറിയയിൽ നിന്നുള്ള ലോകത്തിലെ മുൻനിര ഷിപ്പ്‌യാർഡുകളിലൊന്നായ എച്ച്.ഡി കൊറിയ ഷിപ്പ് ബിൽഡിംഗ് ആന്റ് ഓഫ്ഷോർ എഞ്ചിനീയറിംഗുമായി സി.എസ്.എൽ ധാരണയിലായി.

അത്യാധുനിക കപ്പൽ നിർമ്മാണ സഹകരണത്തിന്റെ ഭാഗമായി എച്ച്.ഡി കെ.എസ്.ഒ.ഇയുടെ നൂതന സാങ്കേതികവിദ്യയും സി.എസ്.എല്ലിന്റെ അടിസ്ഥാന സൗകര്യങ്ങളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തും. ഉൽപ്പാദനക്ഷമതയും നൂതനാശയങ്ങളും ആഗോളതലത്തിലെ മികച്ച പ്രവർത്തനങ്ങളെ ഇന്ത്യയുടെ മേക്ക് ഇൻ ഇന്ത്യ സംരംഭവുമായി സംയോജിപ്പിക്കുന്നു. മാരിടൈം ഇന്ത്യ വിഷൻ 2030, അമൃത്കാൽ വിഷൻ 2047 എന്നിവയിലൂടെ ആഗോള കപ്പൽ നിർമ്മാണ കേന്ദ്രമാകാനുള്ള ഇന്ത്യയുടെ ലക്ഷ്യത്തെ ഇത് ശക്തിപ്പെടുത്തുന്നു.

ഈ സഹകരണം ഇന്ത്യയുടെ കപ്പൽ നിർമ്മാണ ശേഷി വർദ്ധിപ്പിക്കുക മാത്രമല്ല, അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക കപ്പലുകൾ വികസിപ്പിക്കാനും സി.എസ്.എല്ലിനെ പ്രാപ്തമാകും. സി.എസ്.എൽ- തമിഴ്നാട് പങ്കാളിത്തം ആഭ്യന്തര കപ്പൽ നിർമ്മാണ അവസരങ്ങൾ വികസിപ്പിക്കും.

തമിഴ്നാട്ടിൽ കപ്പൽ നിർമ്മാണത്തിനും അനുബന്ധ വ്യവസായങ്ങൾക്കുമുള്ള അവസരങ്ങൾ കണ്ടെത്താനും വികസിപ്പിക്കാനുമായി തമിഴ്നാട് സർക്കാരിന്റെ നിക്ഷേപ പ്രോത്സാഹന ഏജൻസിയായ ഗൈഡൻസുമായി സി.എസ്.എൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. പ്രാദേശിക വളർച്ചാ കേന്ദ്രങ്ങൾ ഉണ്ടാകുന്നതിനൊപ്പം കപ്പൽ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ശക്തമായ ഒരു ആഭ്യന്തര ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുമുള്ള ഒരു ചുവടുവെപ്പാണിത്.

# പരാതി വ്യാപകമായി: സേവന നിരക്കുകൾ കുറയ്ക്കാൻ ബാങ്കുകൾക്ക് ആർബിഐയുടെ നിർദേശം

**മുംബൈ:** റീട്ടെയിൽ ഇടപാടുകൾക്കുള്ള സേവന നിരക്ക് കുറയ്ക്കാൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദേശം നൽകി. ഡെബിറ്റ് കാർഡ് ഫീസ്, വൈകി പണമടച്ചാലുള്ള പിഴ, മിനിമം ബാലൻസ് കുറഞ്ഞാൽ ഈടാക്കുന്ന നിരക്ക് എന്നിങ്ങനെ സാധാരണക്കാരായ ഉപഭോക്താക്കളെ ബാധിക്കുന്ന നിരക്കുകൾ കുറയ്ക്കാൻ ലക്ഷ്യമിട്ടാണ് ആർബിഐയുടെ നീക്കം.

അതേസമയം, ഈടാക്കുന്ന നിരക്കുകളുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. നിലവിൽ ചെറുകിട വായ്പകൾക്കുള്ള പ്രൊസസിങ് ഫീസ് 0.50 ശതമാനം മുതൽ 2.5 ശതമാനം വരെയാണ്. ചില ബാങ്കുകളാകട്ടെ ഭവന വായ്പകളുടെ പ്രൊസസിങ് ഫീസിന് 25,000 രൂപ പരിധി നിശ്ചയിച്ചിട്ടുണ്ട്.

കോർപറേറ്റ് വായ്പകളിൽ നഷ്ടം നേരിടുന്ന സാഹചര്യത്തിൽ ചെറുകിട വായ്പകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന സമയത്താണ് ആർബിഐയുടെ നിർദേശമെന്നതും ശ്രദ്ധേയമാണ്. വ്യക്തിഗത വാഹന വായ്പകൾ, ചെറുകിട ബിസിനസ് വായ്പകൾ എന്നിവ വഴിയാണ് ബാങ്കുകളുടെ ലാഭത്തിൽ ഈയിടെ വർധനവുണ്ടായത്.

# ഇന്ത്യൻ ഉപഗ്രഹങ്ങളുടെ സംരക്ഷണത്തിന് ബോഡി ഗാർഡ്

**ന്യൂഡൽഹി:** സ്വന്തം ഉപഗ്രഹങ്ങളെ ആക്രമണങ്ങളിൽനിന്ന് ഉൾപ്പെടെ സംരക്ഷിക്കാനുള്ള പദ്ധതികൾ ഒരുക്കാൻ ഇന്ത്യ. കഴിഞ്ഞ വർഷം ഒരു അയൽ രാജ്യത്തിന്റെ ഉപഗ്രഹം ഇന്ത്യയുടെ ഉപഗ്രഹവുമായി അപകടകരമാം വിധം അടുത്തുവന്നിരുന്നു. ഇതേത്തുടർന്നാണ് ഇന്ത്യൻ ഉപഗ്രഹങ്ങളുടെ സംരക്ഷണത്തിന് ബോഡി ഗാർഡ് ഉപഗ്രഹങ്ങൾ വേണമെന്നതിലേക്ക് കേന്ദ്രസർക്കാർ എത്തിയത്.

ഭ്രമണപഥത്തിലുള്ള ബഹിരാകാശ പേടകങ്ങൾക്കു നേരെയുള്ള ഭീഷണികൾ തിരിച്ചറിയാനും പ്രതിരോധിക്കാനുമാണ് ബോഡിഗാർഡ് ഉപഗ്രഹങ്ങൾ വികസിപ്പിക്കുന്നതെന്നാണ് ബന്ധപ്പെട്ട വൃത്തങ്ങളെ ഉദ്ധരിച്ച് എൻഡിടിവി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2024 മധ്യത്തോടെ ഒരു ഉപഗ്രഹം ഐഎസ്ആർഒയുടെ ഉപഗ്രഹം സ്ഥിതി ചെയ്യുന്നതിന്റെ ഏകദേശം ഒരു കിലോമീറ്ററിനുള്ളിൽ എത്തിയിരുന്നു. അയൽ രാജ്യം എന്നു മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. ഏതു രാജ്യമാണെന്നു വ്യക്തമല്ല. ഭൂമിയിലെ വസ്തുക്കൾ, കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിരീക്ഷണം ഉൾപ്പെടെ സൈനിക ആവശ്യങ്ങൾക്കുള്ള ജോലികൾ ചെയ്യുന്ന ഉപഗ്രഹമാണ് ഐഎസ്ആർഒയുടേത്. മേയിൽ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിൽ പാക്കിസ്ഥാനെ നിരീക്ഷിക്കുന്നതിൽ ഉപഗ്രഹങ്ങൾ വലിയ പിന്തുണ നൽകിയിരുന്നു.

# മിൽമ ഉൽപ്പന്നങ്ങൾക്ക് വില കുറയും

**തിരുവനന്തപുരം:** ജിഎസ്ടി ഇളവിന്റെ ഗുണം നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിച്ച് മിൽമ. മിൽമയുടെ ജനകീയ പാലുൽപ്പന്നങ്ങളുടെ വില കുറച്ചാണ് ജനങ്ങളിലേക്ക് ആനുകൂല്യം എത്തിക്കുന്നത്. നെയ്യ്, വെണ്ണ, പനീർ, ഐസ്ക്രീം തുടങ്ങി നൂറിലധികം പാലുൽപ്പന്നങ്ങളുടെ വില ഇന്നുമുതൽ കുറയും. നെയ്യ് ഒരു ലിറ്ററിന് 45 രൂപ കുറയും. നിലവിലെ 720 രൂപയിൽനിന്ന് 675 രൂപയാകും. 370 രൂപയുണ്ടായിരുന്ന അര ലിറ്റർ നെയ്യ് 25 രൂപ കുറവിൽ 345 രൂപയ്ക്കു ലഭിക്കും. 240 രൂപയുണ്ടായിരുന്ന 400 ഗ്രാം വെണ്ണ 15 രൂപ കുറഞ്ഞ് ഇനിമുതൽ 225 രൂപയ്ക്കു ലഭിക്കും. 500 ഗ്രാം പനീറിന്റെ വില 245 രൂപയിൽ നിന്ന് 234 ആകും.

അഞ്ച് ശതമാനമായിരുന്ന പനീറിന്റെ ജിഎസ്ടി പൂർണമായി ഒഴിവാക്കി.മിൽമ വാനില ഐസ്ക്രീമിന് 220 രൂപയായിരുന്നു ഒരു ലിറ്ററിന്റെ വില. ഇത് 196 രൂപയായി കുറഞ്ഞു. ജിഎസ്ടി നിരക്ക് 18 ശതമാനത്തിൽ നിന്ന് അഞ്ചു ശതമാനമാക്കി കുറച്ചതിനാൽ 24 രൂപയുടെ കിഴിവ് ലഭ്യമാകും. ക്ഷീര സഹകരണ സംഘങ്ങളുടെ അർപ്പണ മനോഭാവമാണ് ഇതു തെളിയിക്കുന്നതെന്നും മിൽമ ചെയർമാൻ കെ.എസ്. മണി പറഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിൽ ആശ്വാസം നൽകാൻ കഴിയുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു.




# 'സാങ്കേതികവിദ്യാ മുന്നേറ്റങ്ങൾ ഹൃദ്രോഗ ചികിത്സയിൽ നിർണായകം'

**കൊച്ചി:** നാലു ദിവസമായി കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടന്ന ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രഫിയുടെ (ഐഎഇ) ദേശീയ വാർഷിക സമ്മേളനമായ എക്കോ ഇന്ത്യ 2025 സമാപിച്ചു. വാൽവുലർ ഹൃദ്രോഗം എക്കോ സഹായത്തോടെ ശസ്ത്രക്രിയ ചെയ്യാതെ പരിഹരിക്കുന്നതുൾപ്പെടെയുള്ള സാങ്കേതികവിദ്യാ മുന്നേറ്റങ്ങൾ ഹൃദ്രോഗചികിത്സയിൽ ഏറെ നിർണായകമായിക്കഴിഞ്ഞെന്ന് സമ്മേളനം വിലയിരുത്തി.




സമാപനദിവസം ചെന്നൈ കെ.എസ് ഹോസ്പിറ്റലിലെ കാർഡിയോളജിസ്റ്റ് ഡോ ഷണ്മുഖസുന്ദരം കൊറോണറി ആർടെറി ബ്ലോക് മൂലമുള്ള മിട്രൽ വാൽവ് ലീക്ക് എന്ന വിഷയത്തിൽ നടേശ പാണ്ഡ്യൻ സ്മാരക പ്രഭാഷണം നടത്തി. അഞ്ചു ദിവസങ്ങളിലായി സങ്കീർണമായ 300ലേറെ കേസ് സ്റ്റഡികളാണ് സമ്മേളനത്തിൽ അവതരിപ്പിച്ചത്. ഇതിനു പുറമെ 100ലേറെ ഹൃദ്രോഗചികിത്സാ വിദഗ്ധരുടെ പ്രഭാഷണങ്ങളും ഹൃദ്രോഗചികിൽസാ രംഗത്തു നിർണായകമായ കാർഡിയോവസ്കുലാർ ഇമേജിംഗിലെയും എക്കോകാർഡിയോഗ്രാഫിയിലെയും നൂതന കണ്ടുപിടുത്തങ്ങളുടെ അവതരണവും നടന്നു. ഏറ്റവും മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരത്തിന് മലയാളിയായ കാർഡിയോളജിസ്റ്റ് ഡോ. കപിൽ രാജേന്ദ്രൻ അർഹനായി. അഞ്ചു വേദികളിലായി നടന്ന സമ്മേളനത്തിൽ പതിനഞ്ചിലേറെ വിദേശ ഡോക്ടർമാരുൾപ്പെടെ 1500ഓളം ഡോക്ടർമാർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# റേഷൻ കാർഡിന് അപേക്ഷിക്കാം

**കൊച്ചി:** മുൻഗണന വിഭാഗത്തിൽ (പിങ്ക് കാർഡ് ) നിലവിൽ വന്നിട്ടുള്ള ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനായി അർഹരായ മുൻഗണനേതര (വെള്ള, നീല) റേഷൻ കാർഡ് ഉടമകളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചു. പൊതുജന സേവന കേന്ദ്രങ്ങൾ വഴിയോ, സിറ്റിസൺ ലോഗിൻ മുഖേനയോ ഓൺലൈനായി സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 20 വരെ അപേക്ഷകൾ സമർപ്പിക്കാം.

നിർധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിനു മുകളിൽ പ്രായമായ പുരുഷന്മാരില്ലാത്ത) കുടുംബം, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബം, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ, എസ്.സി/എസ്.ടി, ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ, കുടുംബത്തിലെ ആർക്കെങ്കിലും ഗുരുതരരോഗമുള്ളവർ, പരമ്പരാഗത തൊഴിലാളികളുടെ കുടുംബങ്ങൾ, അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർ, 65 വയസ്സിനുമുകളിൽ പ്രായമുള്ളവർ, പുറമ്പോക്കിൽ താമസിക്കുന്നവർ, പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ലഭ്യമായവർ, മറ്റു സാമൂഹ്യ ഭവന പദ്ധതിയിൽ ഉൾപ്പെട്ട് വീട് ലഭ്യമായവർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സർവെയും ഭൂരേഖയും വകുപ്പ് തൃക്കാക്കര റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന് കീഴിലുള്ള വില്ലേജുകളിൽ ഡിജിറ്റൽ സർവേ ജോലികൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ നാല്. കൂടുതൽ വിവരങ്ങൾക്ക് 0484-2427503

## പള്ളുരുത്തി ബ്ലോക്കിന്റെ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു

**കൊച്ചി:** പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് തുടക്കമായി. കെ. ജെ മാക്സി എം. എൽ. എ തറക്കല്ലിടൽ നിർവഹിച്ചു. എം. എൽ. എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചിലവഴിച്ചാണ് പുതിയ ഇരുനില കെട്ടിടം നിർമ്മിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി അധ്യക്ഷനായ ചടങ്ങിൽ കെ. ബാബു എം. എൽ. എ മുഖ്യാതിഥിയായി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ദിവ്യമോഹൻ റിപ്പോർട്ട് അവതരിപ്പിച്ചു .

## പിറവം നഗരസഭയിൽ ശുചിത്വ സംഗമം നടന്നു

**പിറവം:** നഗരസഭയുടെ ആഭിമുഖ്യത്തിൽ കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ശുചിത്വ സംഗമം നടന്നു. നഗരസഭ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു ഉദ്ഘാടനം ചെയ്തു. ഖരമാലിന്യ സംസ്കരണ പ്രവർത്തനം പ്രാദേശിക തലത്തിൽ മെച്ചപ്പെടുത്തുക, ശുചിത്വ സേനാംഗങ്ങൾ വഴി നഗരസഭയിൽ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

നഗരസഭയിലെ കുട്ടികളുടെ പാർക്കിൽ ഹരിതകർമ സേന അംഗങ്ങളെയും ശുചീകരണ തൊഴിലാളികളേയും ഉൾപ്പെടുത്തിയാണ് സംഗമം നടന്നത്.

ഗ്രൂപ്പ് ചർച്ച, അനുഭവങ്ങൾ പങ്കുവെക്കൽ, മികച്ച പ്രവർത്തനം കാഴ്ചവെച്ച പ്രവർത്തകരെ ആദരിക്കൽ, കലാപരിപാടികൾ, മത്സരങ്ങൾ എന്നിവ സംഗമത്തിന്റെ ഭാഗമായി നടന്നു.

ചടങ്ങിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി ഏലിയാസ് അധ്യക്ഷത വഹിച്ചു. സ്നേഹിത പോലീസ് എക്സ്റ്റൻഷൻ സെന്റർ കമ്മ്യൂണിറ്റി കൗൺസിലർ കെ. കെ മേരി ക്ലാസ് നയിച്ചു. വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കുമ്പളം പഞ്ചായത്ത് പ്രസിഡന്റ് കെ. എസ് രാധാകൃഷ്ണൻ, കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡന്റ് സൂസൻ ജോസഫ്, ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ. എൽ ജോസഫ്, ജില്ല പഞ്ചായത്ത് മെമ്പർ ദിപു കുഞ്ഞുകുട്ടി, ബ്ലോക്ക് വൈസ് പ്രസിഡന്റ് ജോബി പനക്കൽ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ജെംസി ബിജു, സാബു തോമസ്, മെറ്റിൽഡ മൈക്കിൾ, മെമ്പർമാരായ ജോളി പൗവ്വത്തിൽ, കെ. കെ ശെൽവരാജൻ, ജോസ് വർക്കി, നിത സുനിൽ, ഷീബ ജേക്കബ്, സിന്ധു ജോഷി, സെക്രട്ടറി ഡി. അജിത് കുമാരി എന്നിവർ സംസാരിച്ചു.

# നിയമ അവബോധം അനിവാര്യം: ജസ്റ്റിസ് സി.എസ് സുധ

**കൊച്ചി:** സമൂഹത്തിൽ നിയമങ്ങളെ കുറിച്ചുള്ള അവബോധം അനിവാര്യമാണെന്ന് ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് സി. എസ് സുധ പറഞ്ഞു. മാമലക്കണ്ടം ഗവ. ഹൈസ്കൂളിൽ ഹൃദയവാതിൽ തുറക്കുമ്പോൾ പരിശീലന പദ്ധതിയുടെയും എന്റെ മാമലക്കണ്ടം തുടർ പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്തുകളെപ്പറ്റി ധാരണ ഉണ്ടെങ്കിൽ പലരും തെറ്റുകളിലേക്ക് വഴി തിരിയില്ല. അതിനാൽ ചെറുപ്രായത്തിൽ തന്നെ പൗരൻമാരെ നിയമങ്ങളെയും ശിക്ഷകളെയും കുറിച്ച് ബോധവൽക്കരിക്കണം.

സ്കൂൾ വിദ്യാർത്ഥികൾ തീർച്ചയായും പോക്സോ നിയമങ്ങളെ പറ്റി അറിഞ്ഞിരിക്കണം. നിയമാനുസൃത വിവാഹ പ്രായം എത്രയെന്ന് വരെ അറിയാത്ത നിരവധി പേർ നമുക്ക് ചുറ്റുമുണ്ട്. അധ്യാപകരും രക്ഷിതാക്കളും ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തണം. ഇത് സംബന്ധിച്ച അറിവുകൾ പകരുന്ന പരിശീലന പരിപാടികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അവർ പറഞ്ഞു.

മാമലക്കണ്ടം ഗ്രാമത്തിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മാതാപിതാക്കളുടെയും ഉന്നമനവും സാമൂഹിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്, കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി, വനിതാ ശിശുവികസന വകുപ്പ്, കാവൽ പദ്ധതി, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ത്രിദിന ജീവിത നൈപുണ്യ നിയമ ബോധവൽക്കരണ പരിശീലന പരിപാടിയും വിവിധ ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനവും സംഘടിപ്പിച്ചത്.

പദ്ധതികളും പരിശീലന പരിപാടിയും ഏറെ മാതൃകാപരമായ ഇടപെടൽ ആണെന്നും അതിൽ ജില്ലാ ഭരണകൂടത്തിന്റെ പൂർണ്ണമായ പിന്തുണയും സഹകരണവും ഉണ്ടാകുമെന്നും ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ ജില്ലാ ജഡ്ജും സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി മെമ്പർ സെക്രട്ടറിയുമായ അനിൽ കെ. ഭാസ്കർ അധ്യക്ഷത വഹിച്ചു. സ്കൂളുകൾക്കുള്ള പഠനോപകരണവിതരണം സബ് ജഡ്ജും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുമായ ആർ. രജിത നിർവഹിച്ചു. ചലച്ചിത്ര സംവിധായകനും നടനുമായ സിദ്ധാർഥ് ഭരതൻ വിശിഷ്ടാതിഥിയായി.

ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ജി. പത്മകുമാർ, കുട്ടമ്പുഴ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ, വൈസ് പ്രസിഡന്റ് സൽമ പരീത്, ജില്ലാ പഞ്ചായത്ത് അംഗം കെ.കെ ഡാനി, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ. കെ ഗോപി, വാർഡ് മെമ്പർ ശ്രീജ ബിജു, ജില്ലാ ശിശു സംരക്ഷണ ഓഫീസർ കെ. എസ് സിനി, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കെ.ജി മനോജ്, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളായ അഡ്വ. ഉല്ലാസ് മധു, അഡ്വ. ജിൻസിമോൾ കുര്യൻ, കോതമംഗലം വിദ്യാഭ്യാസ ഓഫീസർ ബോബി ജോർജ്, സ്കൂൾ ഹെഡ്മിസ്ട്രസ് സരിത ജോസഫ്, മാമലക്കണ്ടം ശങ്കർ മെമ്മോറിയൽ എൽ. പി സ്കൂൾ മാനേജർ പി.കെ വിജയകുമാർ, ഹെഡ്മിസ്ട്രസ് പി.ആർ പ്രീതി, ബ്ലൂ പോയിന്റ് ഓർഗ് സി.ഇ.ഒ ബേബി പ്രഭാകരൻ, പി.ടി.എ പ്രസിഡന്റ് സി. എസ് സുജി, റിസോഴ്സ് പേഴ്സൺ പ്രതിനിധി ടി.ഡി ജോർജ്കുട്ടി, സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കേരളം നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന് മുഖ്യമന്ത്രി

**കൊച്ചി:** വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും വിജ്ഞാനാധിഷ്ഠിത സമൂഹമായി മാറുന്നതിനുമുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ഊർജ്ജം പകരാൻ ന്യൂജേഴ്സിയിൽ നിന്ന് നിക്ഷേപകരെ ക്ഷണിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

ഗ്രാൻഡ് ഹയാത്തിൽ ന്യൂജേഴ്സി ഗവർണർ ഫിൽ മർഫിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷം ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിലെ നിക്ഷേപ സാധ്യതകൾ വിലയിരുത്തുന്നതിനായാണ് ന്യൂജേഴ്സി ഗവർണർ ഫിൽ മർഫിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം കൊച്ചിയിലെത്തിയത് . കേരളത്തിന്റെയും ന്യൂജേഴ്സിയുടെയും വികസന രംഗത്തെ സമാനതകൾ ചൂണ്ടിക്കാട്ടിയ മുഖ്യമന്ത്രി, നിക്ഷേപങ്ങൾക്കും വിദ്യാഭ്യാസ മേഖലയിലെ സഹകരണത്തിനും വലിയ സാധ്യതകളുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ന്യൂജേഴ്സിയിലെ വ്യവസായ പ്രമുഖരെ കേരളത്തിൽ നിക്ഷേപിക്കാൻ മുഖ്യമന്ത്രി ക്ഷണിച്ചു.

കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണ്. വ്യവസായങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇന്നിവിടെയുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ടൂറിസം, വ്യവസായം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ കേരളം ഇന്ന് നിക്ഷേപകർക്ക് പ്രിയപ്പെട്ട ഇടമാണ്. നൂറുശതമാനം സാക്ഷരതയും പ്രകൃതിസൗന്ദര്യവും കൂടാതെ വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയതും നിക്ഷേപകരെ ആകർഷിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നാല് വിമാനത്താവളങ്ങളും 18 തുറമുഖങ്ങളുമുണ്ട്.

ലോകത്തിലെ തന്നെ ഏറ്റവും മികച്ച പ്രകൃതിദത്ത തുറമുഖങ്ങളിൽ ഒന്നായ വിഴിഞ്ഞം തുറമുഖത്ത് ഡ്രഡ്ജിംഗും ഇല്ലാതെ തന്നെ വലിയ മദർഷിപ്പുകൾക്ക് അടുക്കാനുള്ള സൗകര്യമുണ്ട്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിക്കഴിഞ്ഞു. അന്താരാഷ്ട്ര കപ്പൽപ്പാതയോടുള്ള സാമീപ്യവും റെയിൽ, ജലഗതാഗത സൗകര്യങ്ങളും വിഴിഞ്ഞത്തെ ഏഷ്യയിലെ മുൻനിര ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തെ വിജ്ഞാന സമൂഹമായി മാറ്റിയെടുക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. ഇതിനായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ശ്രമിക്കുന്നുണ്ട്. അമേരിക്കയിലെ അക്കാദമിക് വിദഗ്ധരുമായി സഹകരിക്കുന്നതിനും മികച്ച മാതൃകകൾ പഠിക്കുന്നതിനും താൽപ്പര്യമുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കാൻ കൂടുതൽ വിനോദസഞ്ചാരികളെ സ്വാഗതം ചെയ്ത മുഖ്യമന്ത്രി, വിനോദസഞ്ചാര മേഖലയിൽ ഇരു സംസ്ഥാനങ്ങൾക്കും സഹകരിക്കാമെന്ന് സൂചിപ്പിച്ചു. ന്യൂജേഴ്സി സംഘത്തിന്റെ സന്ദർശനം ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുമെന്ന പ്രത്യാശയും മുഖ്യമന്ത്രി പ്രകടിപ്പിച്ചു.

വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, കൊച്ചി കോർപറേഷൻ മേയർ എം. അനിൽകുമാർ, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എ മുഹമ്മദ് ഹനീഷ്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എം.ഡി ലോക്നാഥ് ബെഹ്റ, ഡൽഹിയിലെ കേരള സർക്കാർ പ്രതിനിധി പ്രൊഫ. കെ.വി തോമസ്, ലുലു ഗ്രൂപ്പ് ചെയർമാൻ എം. എ യൂസഫലി, അനൂപ് അംബിക, ജില്ലാ കളക്ടർ ജി. പ്രിയങ്ക, സിറ്റി പൊലീസ് കമ്മീഷണർ പുട്ട വിമലാദിത്യ, മറ്റ് സർക്കാർ വകുപ്പ് പ്രതിനിധികൾ, വ്യവസായ, സ്വകാര്യ കമ്പനി സംരംഭക പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കളമശ്ശേരിയിൽ സ്നേഹവീടുകൾ ഒരുങ്ങുന്നു

**കൊച്ചി:** കളമശ്ശേരി മണ്ഡലത്തിലെ അഞ്ചു കുടുംബങ്ങൾക്കു കൂടി സ്വന്തം വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് മണ്ഡലത്തിൽ നടപ്പിലാക്കുന്ന സൗജന്യ ഭവന നിർമ്മാണ പദ്ധതി സ്നേഹവീടിന്റെ ഭാഗമായാണ് അഞ്ച് വീടുകൾക്ക് കൂടി തറക്കല്ലിട്ടത്.

കളമശ്ശേരി നഗരസഭ ശാന്തിഗിരി കാരക്കൽ വീട്ടിൽ മേരി ഫ്രാൻസിസ്, കടുങ്ങല്ലൂർ ഗ്രാമപ്പഞ്ചായത്ത് ഏലൂക്കര മാമ്പായിൽ വീട്ടിൽ ഹമീദ്, കരുമാല്ലൂർ ഗ്രാമപ്പഞ്ചായത്ത് ചെട്ടിക്കാട് ചേറ്റുവിതപ്പറമ്പിൽ ലീല, കുന്നുകര ഗ്രാമപ്പഞ്ചായത്ത് കുത്തിയതോട് താനാട് വീട്ടിൽ ഗീത സുഭദ്രൻ, ആലങ്ങാട് ഗ്രാമപ്പഞ്ചായത്ത് കൊടുവഴങ്ങ മുല്ലൂർ വീട്ടിൽ നീതു വിൻസെന്റ് എന്നിവർക്കാണ് വീടുകൾ ഒരുങ്ങുന്നത്.

വിധവകളായ കുടുംബനാഥകളും നിർധനരുമുൾപ്പെടെയുള്ളവർക്കാണ് സ്നേഹവീട് പദ്ധതി വഴി വീട് നിർമ്മിച്ചു നൽകുന്നത്.

ഒരു കുടുംബത്തിന് 8 ലക്ഷം രൂപ വീതം ചെലവഴിച്ച് 500 ച.അടി വിസ്തീർണമുള്ള വീടുകളാണ് നിർമ്മിക്കുന്നത്.



ട്വന്റി20 പാർട്ടി പൂത്തൃക്ക പഞ്ചായത്ത് കൺവെൻഷൻ സംസ്ഥാന പ്രസിഡന്റ് സാബു എം. ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു

# പൂത്തൃക്ക പഞ്ചായത്തിൽ മുഴുവൻ സീറ്റും നേടി ട്വന്റി20 പാർട്ടി ഭരണം പിടിക്കും: സാബു എം. ജേക്കബ്ബ്

**പൂത്തൃക്ക:** പൂത്തൃക്ക പഞ്ചയത്തിലെ 16 വാർഡുകളും വിജയിച്ച് ട്വന്റി20 പാർട്ടി അധികാരം പിടിക്കുമെന്ന് ട്വന്റി20 പാർട്ടി സംസ്ഥാന പ്രസിഡന്റ് സാബു എം. ജേക്കബ്ബ് പറഞ്ഞു. ട്വന്റി20 പാർട്ടി പൂത്തൃക്ക പഞ്ചായത്ത് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പൂത്തൃക്ക പഞ്ചായത്തിൽ ഒരു കമ്മിറ്റി പോലും ഇല്ലാതിരുന്നിട്ടും 34 ശതമാനം വോട്ടാണ് ട്വന്റി20പാർട്ടി സ്ഥാനാർഥി നേടിയത്. കുന്നത്ത്നാട് നിയോജകണ്ഡലത്തിൽ ട്വന്റി20 പാർട്ടി സ്ഥാനാർഥിക്ക് ഏറ്റും കൂടുതൽ വോട്ടു നൽകിയ പഞ്ചായത്തായിരുന്നു പൂത്തൃക്ക പഞ്ചായത്തെന്നും അദ്ദേഹം പറഞ്ഞു.

വരാൻ പോകുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 70 ശതമാനം വോട്ടു നേടിക്കൊണ്ടു പാർട്ടി പൂത്തൃക്ക പഞ്ചായത്തിൽ ഭരണത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ലെന്നും സാബു എം. ജേക്കബ്ബ് പറഞ്ഞു. റോഡുകൾ നന്നാക്കുന്നതിനും വൈദ്യൂതിവൽക്കരണം നടപ്പിലാക്കുന്നതിനുമപ്പുറം ജനങ്ങളുടെ സാമൂഹ്യപരമായ വികസനമാണ് ട്വന്റി20 പാർട്ടി ഭരിക്കുന്ന മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കിയതെന്നും സാബു എം. ജേക്കബ്ബ് പറഞ്ഞു. ഒക്ടോബർ അഞ്ചിന് കുന്നത്ത്നാട് നിയോജകമണ്ഡലത്തിലെ മുഴുവൻ ഭാരവാഹികളുടെയും യോഗം കോലഞ്ചേരി ഹിൽടോപ് കൺവെൻഷൻ സെന്ററിൽ ചേരുമെന്നും സാബു എം. ജേക്കബ്ബ് പറഞ്ഞു. കുന്നത്ത്നാട് നിയോജകമണ്ഡലം കമ്മിറ്റിയംഗം പി.കെ ജോർജ്ജ്, ജില്ലാ കോർഡിനേറ്റർ പി. വൈ അബ്രാഹം, പാർട്ടി വൈസ് പ്രസിഡന്റ് വി. ഗോപകുമാർ, സ്റ്റേറ്റ് കമ്മിറ്റി എക്സിക്യൂട്ടീവ് മെമ്പർ അഡ്വ. ചാർളി പോൾ, പാർട്ടി കുന്നത്ത് നാട് നിയോജകമണ്ഡലം പ്രസിഡന്റ് ജിബി എബ്രാഹം, നിയോജകമണ്ഡലം കമ്മിറ്റിയംഗം ബിനു പീറ്റർ തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികളായ 720 പേർ കൺവെൻഷനിൽ പങ്കെടുത്തു.



# പത്തനംതിട്ട കെഎസ്ആർടിസി ഡിപ്പോയിൽ വോൾവോ ബസുകളുടെ ഫ്ളാഗ് ഓഫ് മന്ത്രി നിർവഹിച്ചു

**പത്തനംതിട്ട:** കെഎസ്ആർടിസിയുടെ പുതിയ കാലത്തിന് തുടക്കമായെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. പത്തനംതിട്ട കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പുതുതായി അനുവദിച്ച എ.സി സ്ലീപ്പർ വോൾവോ ബസുകളുടെ ഫ്ളാഗ് ഓഫ് നിർവഹിക്കുകയായിരുന്നു മന്ത്രി. ജനങ്ങൾക്ക് ഗുണകരമാകുന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ആർടി.സിയിലെ മാറ്റം പ്രകടമാണ്. പഠനം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ബാംഗ്ലൂരിലേക്ക് പോകുന്ന നിരവധി ആളുകൾ ജില്ലയിലുണ്ട്. റെയിൽവേ സേവനങ്ങൾക്കായി തിരുവല്ല, ചെങ്ങന്നൂർ എന്നിവിടങ്ങളെയാണ് ആശ്രയിക്കുന്നത്. കോന്നി, റാന്നി, പത്തനംതിട്ട എന്നീ പ്രധാന കേന്ദ്രങ്ങളിൽ നിന്ന് സൗകര്യപ്രദമായി ബാംഗ്ലൂരിലേക്ക് സഞ്ചരിക്കുവാൻ എ.സി സ്ലീപ്പർ ബസുകൾ സഹായകമാകും.

പുതിയ സർവീസ് ജനങ്ങൾക്ക് സുഗമമായ യാത്ര പ്രദാനം ചെയ്യും. ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ബസിൽ ഒരുക്കിയിട്ടുണ്ട്. മുൻപ് ബാംഗ്ലൂർ സർവീസ് നടത്തിയ സ്കാനിയ ബസ് ഓണക്കാലത്തും സീസണുകളിലും റെക്കോർഡ് കളക്ഷൻ നേടി. പത്തനംതിട്ട ഡിപ്പോ 19 ലക്ഷത്തിനു മുകളിൽ വരുമാനം നേടിയത് അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു. 36 സീറ്റുള്ള എ.സി സ്ലീപ്പർ വോൾവോ ബസ് ഓൺലൈൻ മുഖേനയാണ് ബുക്കിംഗ്. ദിവസവും വൈകിട്ട് 5.30ന് ഡിപ്പോയിൽ നിന്ന് സർവീസ് ആരംഭിച്ച് അടുത്തദിവസം രാവിലെ ഏഴിന് ബാംഗ്ലൂർ എത്തും. എല്ലാ ദിവസവും വൈകിട്ട് അഞ്ചിന് ബാംഗ്ലൂരിൽ നിന്ന് തിരികെയുള്ള സർവീസ് ആരംഭിക്കും. രാവിലെ 8:30ന് പത്തനംതിട്ടയിൽ എത്തും.

ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ റോയ് ജേക്കബ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ മനോജ് മാധവശേരിൽ, കെ. അനിൽകുമാർ, ബി. ഹരിദാസ്, നൗഷാദ് കണ്ണങ്കര, മുഹമ്മദ് സാലി, ഷാഹുൽ ഹമീദ്, നിസാർ നൂർ മഹാൽ, രാജു നെടുവമ്പ്രം, വർഗീസ് മുളയ്ക്കൽ, അബ്ദുൽ മനാഫ്, സത്യൻ കണ്ണങ്കര, കെ.എസ്.ആർ.ടി.സി പ്രതിനിധികളായ ജി. ഗിരീഷ് കുമാർ, ജി. മനോജ്, ഷിജു വർഗീസ് തുടങ്ങിയവർ പങ്കെടുത്തു

# തിരുവാണിയൂരിൽ ഗുണ്ടാവിളയാട്ടം; ട്വന്റി20 പ്രവർത്തകർക്ക് മർദ്ദനമേറ്റു

■ സാരമായ പരിക്കുകളോടെ ഏഴ് പ്രവർത്തകർ ആശുപത്രിയിൽ

**തിരുവാണിയൂർ:** തിരുവാണിയൂരിൽ പ്രതിഷേധ ജാഥ നടത്തിയ ട്വന്റി 20 പ്രവർത്തകർക്ക് സി.പി.എം ഗുണ്ടകളുടെ മർദ്ദനം. സംസ്ഥാന ഭരണത്തിന്റെ മറവിൽ ഗുണ്ടായിസം കാണിക്കുന്ന സി.പി.എമ്മിനെതിരെ തിരുവാണിയൂർ വണ്ടിപേട്ടയിൽ 21 ന് വൈകിട്ട് 6ന് ട്വന്റി20 പ്രവർത്തകർ വായമൂടിക്കെട്ടി മൗന ജാഥ സംഘടിപ്പിച്ചിരുന്നു. സമാധാനപരമായി നടന്ന പ്രതിഷേധ ജഥയിലേയ്ക്കാണ് മദ്യപിച്ചെത്തിയ ഒരുപറ്റം സി.പി.എം ഗുണ്ടകൾ പോലീസിന്റെ വലയം ഭേദിച്ച് മർദ്ദനം നടത്തിയത്. തിരുവാണിയൂർ പഞ്ചായത്ത് പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും നേതൃത്വത്തിലാണ് അക്രമണം അരങ്ങേറിയതെന്ന് ട്വന്റി 20 പ്രവർത്തകർ പറഞ്ഞു. സ്ത്രീകളെയും കുട്ടികളെയും വരെ വളഞ്ഞിട്ട് അക്രിമിക്കുകയായിരുന്നു. മർദ്ദനമേറ്റവരിൽ ഹൃദ്രാഗികൾ വരെയുണ്ട്.

ക്രൂരമായി മർദ്ദനമേറ്റ ഏഴ് ട്വന്റി20 പ്രവർത്തകരെ പഴങ്ങനാട് സമരിറ്റിൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 6 പേരുടെ പരിക്ക് ഗുരുതമാണെന്ന് സ്ഥിരീകരിക്കാത്ത് റിപ്പോർട്ടുണ്ട്. സ്വസ്തവും സമാധാനവും ആഗ്രഹിക്കുന്ന തിരുവാണിയൂരിലെ ഭൂരിഭാഗം ജനങ്ങൾ ട്വന്റി20യുടെ കൊടിക്കീഴിൽ അണിനിരക്കുന്നതാണ് സി.പി.എം പ്രകോപനത്തിന് കാരണം. വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ ദയനീയ പരാജയം മുന്നിൽ കാണുന്ന സി.പി.എം ഭരണ സമിതിയാണ് അക്രമണം നടത്തിയതെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് ആരോപിച്ചു.

സി.പി.എമ്മിന്റെ ഗുണ്ടായിസത്തിന് മുന്നിൽ അടിയറവ് പറയുന്നവരല്ല ട്വന്റി20 പാർട്ടിയും പ്രവർത്തകരും. വരുന്ന തിരഞ്ഞെടുപ്പിൽ തിരുവാണിയൂർ പഞ്ചായത്തിലെ മുഴുവൻ വാർഡിലും വിജയിച്ച് സത്ഭരണം ഉറപ്പാക്കുമെന്നും സാബു എം. ജേക്കബ് പറഞ്ഞു.

# ഒ.ബി.സി വിദ്യാർത്ഥികൾക്ക് സൗജന്യ പഠനം

**കൊച്ചി:** കേരള സംസ്ഥാന പിന്നാക്ക സമുദായ വികസന വകുപ്പ് (ബി.സി.ഡി.ഡി) ഒബിസി വിഭാഗത്തിൽപ്പെട്ട യുവതി, യുവാക്കൾക്കായി നടപ്പിലാക്കുന്ന സൗജന്യ അഡ്വാൻസ്ഡ് ആട്ടോമൊബൈൽ എഞ്ചിനീയറിങ് കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ഓട്ടോമൊബൈൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, എം.എം.വി, ഫിറ്റർ, ഡീസൽ മെക്കാനിക്ക്, എംഎഇഇ ഓട്ടോ മൊബൈൽ, മെഷിനിസ്റ്റ്, ഇലക്ട്രിക്കൽ എന്നീ കോഴ്സുകളിലേയ്ക്ക് ഐ.ടി.ഐ/കെജിസിഇ, വി.എച്ച്.എസ്.സി,ഡിപ്ലോമ, ബിടെക് പാസായവർക്ക് അപേക്ഷിക്കാം.

പരിശീലനകാലത്ത് 40,000/ രൂപ സ്റ്റൈപ്പന്റ് ലഭിക്കും, പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര നൈപുണ്യ മന്ത്രാലയത്തിന്റെ (എൻ.എസ്.ഡി.സി) സർട്ടിഫിക്കറ്റും തുടർന്ന് ജോലിയും ഉറപ്പാക്കുന്നതാണ് പദ്ധതി. 2025 ഒക്ടോബറിൽ ക്ലാസുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9387580023, 9846019500.

## ചൈതന്യയിൽ സൗജന്യ നേത്രപരിശോധന ക്യാംമ്പ്

**കൊച്ചി:** പാലാരിവട്ടം ചൈതന്യ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ ഇന്ന് മുതൽ ഈ മാസം 30 വരെ സൗജന്യ സമഗ്ര നേത്രപരിശോധന ക്യാംമ്പ് നടക്കും. മെഡിക്കൽ സൂപ്രണ്ട് ഡോ. മാത്യു കുര്യൻ ക്യാംമ്പ് ഉദ്ഘാടനം ചെയ്യും. വിവിധ സ്പെഷ്യാലിറ്റികളിലെ നേത്രരോഗ വിദഗ്ദർ പരിശോധനകൾക്ക് നേതൃത്വം വഹിക്കും. പരിശോധനയിൽ തിമിര ശസ്ത്രക്രിയ ആവശ്യമായി വരുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളും ക്യാംമ്പിന്റെ ഭാഗമായി നൽകും. മെഡിസെപ്, സി.ജി.എച്.എസ്, ഇ.സി.എച്.എസ്, ആയുഷ്മാൻ ഭാരത്, കാരുണ്യ പരിരക്ഷകൾ എന്നിവ കൂടാതെ സ്വകാര്യ മെഡിക്കൽ ഇൻഷുറൻസ് സൗകര്യവും രോഗികൾക്കായി ഒരുക്കിയിട്ടുണ്ട്. ആശുപത്രിയുടെ ആറാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 7994495940, 7994495941 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് ചൈതന്യ കണ്ണാശുപത്രി അഡ്മിനിസ്ട്രേറ്റർ അറിയിച്ചു.

## എടത്തല ഗ്രാമ പഞ്ചായത്തിൽ കേരളോത്സവത്തിന് തുടക്കമായി

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാന യുവജന ക്ഷേമ ബോർഡ് നടത്തുന്ന കേരളോത്സവത്തിന് എടത്തല ഗ്രാമപഞ്ചായത്തിൽ തുടക്കമായി. കുഴുവേലിപ്പടി കുർലാട് സീറോക്ക് ഗ്രൗണ്ടിൽ നടന്ന വോളിബോൾ മത്സരത്തോടെ പരിപാടിക്ക് തിരി തെളിഞ്ഞു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സി.കെ ലിജി ഉദ്ഘാടനം നിർവഹിച്ചു.



ലക്ഷദ്വീപ് മത്സ്യമേഖലയുടെ വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കൊച്ചിയിൽ നടത്തിയ ഉന്നതതല കൂടിയാലോചന യോഗത്തിൽ കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് സംസാരിക്കുന്നു.

# ലക്ഷദ്വീപ് ചൂരക്ക് ആഗോള ഇക്കോലേബലിംഗ് നേടിയെടുക്കാൻ കേന്ദ്ര സർക്കാർ

**കൊച്ചി:** പരമ്പരാഗത മത്സ്യബന്ധനരീതികൾ ഉപയോഗിച്ച് പിടിക്കുന്ന ലക്ഷദ്വീപ് ചൂരക്ക് (ട്യൂണ) ആഗോള ഇക്കോലേബലിംഗ് ടാഗ് നേടിയെടുക്കാൻ കേന്ദ്ര സർക്കാർ നീക്കം.

കുറഞ്ഞ പാരിസ്ഥിതിക ആഘാതവും സുസ്ഥിരവുമായ ലക്ഷദ്വീപിലെ പോൾ ആന്റ് ലൈൻ ഉപയോഗിച്ച് പിടിക്കുന്ന ചൂരക്ക് അന്താരാഷ്ട്ര രംഗത്തെ അംഗീകൃത സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു.

ലക്ഷദ്വീപ് മത്സ്യമേഖലയുടെ വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കൊച്ചിയിൽ നടത്തിയ ഉന്നതതല കൂടിയാലോചന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സീഫുഡ് കയറ്റുമതി രംഗത്ത് വലിയ മുതൽക്കൂട്ടാകുന്നതാണ് ഈ നീക്കമെന്ന് അദ്ദേഹം പറഞ്ഞു. സമുദ്രോൽപ്പന്നങ്ങൾ സുസ്ഥിര രീതികളിലൂടെ ലഭിച്ചതാണെന്ന് ഉറപ്പാക്കുന്നതാണ് ഇക്കോലേബലിംഗ് മുദ്രകൾ. അന്താരാഷ്ട്ര വിപണികളിൽ സുസ്ഥിരത ടാഗുള്ള സീഫുഡ് ഉൽപ്പന്നങ്ങൾക്ക് സ്വീകാര്യതയും ഉയർന്ന വിലയും ലഭിക്കും.

ദ്വീപിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം മെച്ചപ്പെടുത്താനും ജീവിതനിലവാരം ഉയർത്താനും ഈ നടപടി കാരണമാകുമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. കടൽപായൽ കൃഷിക്കും അലങ്കാരമത്സ്യ കൃഷിക്കും ലക്ഷദ്വീപിൽ മികച്ച സാധ്യതയാണുള്ളത്. ആഴക്കടൽ മത്സ്യബന്ധനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമെന്നും കേന്ദ്ര ഫിഷറീസ് മന്ത്രി പറഞ്ഞു. നീതി ആയോഗ്, സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി, വിവിധ ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങൾ, നബാർഡ് എന്നിവയുൾപ്പെടെ വിവിധ മന്ത്രാലയങ്ങളുടെയും ഏജൻസികളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡും ഫിഷറി സർവേ ഓഫ് ഇന്ത്യയും സംയുക്തമായാണ് യോഗം സംഘടിപ്പിച്ചത്.

ലക്ഷദ്വീപിലെ നാലായിരം ചതുരശ്രമീറ്റർ ലഗൂൺ കടൽപായൽ കൃഷിക്ക് വളരെയേറെ അനുയോജ്യമാണെന്ന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ പറഞ്ഞു. ആഗോളതലത്തിൽ തന്നെ കടൽപായൽ ഹബ് ആയി മാറാൻ ലക്ഷദ്വീപിന് ശേഷിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, കേന്ദ്ര ഫിഷറീസ് സെക്രട്ടറി അഭിലക്ഷ് ലിഖി, ജോയിന്റ് സെക്രട്ടറി നീതു കുമാരി പ്രസാദ്, ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക്, എൻഎഫ്ഡിബി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ബി. കെ ബെഹറ, എഫ്.എസ്.ഐ ഡയറക്ടർ ജനറൽ ഡോ കെ. ആർ ശ്രീനാഥ് സംസാരിച്ചു. നേരത്തെ, കൊച്ചി ഫിഷറീസ് ഹാർബർ സന്ദർശിച്ച് കേന്ദ്ര ഫിഷറീസ് സെക്രട്ടറി മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്തി. ഹാർബർ നവീകരണം, കോൾഡ് ചെയിൻ, പാക്കേജിംഗ്, മൂല്യവർധിത ഉൽപാദനം തുടങ്ങിയ വികസന നടപടികൾ മത്സ്യത്തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.




# ബിസിനസ് സഹകരണത്തിന് കൈകോർത്ത് കേരളവും ന്യൂജേഴ്സിയും

**കൊച്ചി:** കേരളത്തിലേക്ക് നിക്ഷേപം നടത്താൻ താൽപ്പര്യം അറിയിച്ച് ന്യൂജേഴ്സി ഗവർണർ ഫിലിപ്പ് ഡി മർഫി. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര വാണിജ്യ സഹകരണം ഊട്ടിയുറപ്പിക്കാൻ കൂടിക്കാഴ്ച ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ലുലു ഗ്രാൻഡ് ഹയാത്തിൽ നടന്ന ബിസിനസ് പാർട്ടണർഷിപ്പ് മീറ്റിലും അത്താഴ വിരുന്നിലും പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ വിശേഷിച്ച് കേരളത്തിൽ നിക്ഷേപം നടത്താൻ അനുയോജ്യമായ സമയത്താണ് കേരളത്തിലേക്ക് സന്ദർശനം നടത്തിയതെന്നും അദ്ദേഹം പ്രതികരിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലും തൊഴിൽ രംഗത്തും കേരളത്തിൽ നിക്ഷേപം നടത്താൻ ന്യൂജേഴ്സി ഭരണകൂടം മുഖ്യമന്ത്രി പിണറായി വിജയനോട് താൽപ്പര്യം അറിയിച്ചു. കേരളം നിക്ഷേപ സംസ്ഥാനമാണ്, മുഖ്യമന്ത്രി പിണറായി വിജയൻ കരുത്തനായ ഭരണാധികാരിയാണെന്നും അദ്ദേഹം പ്രശംസിച്ചു. ന്യൂജേഴ്സിയിൽ ഇന്ത്യൻ കമ്പനികൾക്കുള്ള സാധ്യതകൾ വിപുലമാണ്. ഇന്ത്യക്കാർക്കായി തന്റെ കാലത്ത് 3000ത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു. കൂടുതൽ തൊഴിൽ സാധ്യത ഇരുരാജ്യങ്ങളും തമ്മിൽ ചർച്ച ചെയ്ത് ഉറപ്പ് വരുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ന്യൂജേഴ്സി സർക്കാരിനെ നിക്ഷേപം നടത്താൻ കേരളത്തിലേക്ക് ക്ഷണിച്ചാണ് മുഖ്യമന്ത്രി പ്രസംഗം തുടർന്നത്. കേരളത്തിൽ നിക്ഷേപം നടത്താൻ ഏറ്റവും അനുയോജ്യമായ സമയത്താണ് ഗവർണർ മർഫി ഇവിടേക്ക് എത്തിയതെന്നും നാല് വിമാനത്താവളങ്ങളും അതിനോടൊപ്പം തന്നെ ആധുനികവൽക്കരിച്ച തുറമുഖങ്ങളുമായി രാജ്യത്തിന് തന്നെ മാതൃകയായി കേരളം കുതിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ന്യൂജേഴ്സി ഭരണകൂടത്തേയും സംരംഭകരേയും കേരളത്തിലേക്ക് എല്ലാ സമയത്തും സ്വാഗതം ചെയ്യുന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു. നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം.എ യൂസഫലി ബിസിനസ് പാർട്ടണർഷിപ്പ് മീറ്റിൽ സ്വാഗതം ആശംസിച്ചു. കേരളത്തിലേക്ക് നിക്ഷേപം നടത്താനുള്ള ന്യൂജേഴ്സി സർക്കാരിന്റെ ശ്രമങ്ങളെ എം.എ യൂസഫലി പ്രശംസിച്ചു. ദീർഘവീക്ഷണമുള്ള ഭരണാധികാരിയാണ് കേരളം ഭരിക്കുന്നതെന്നും അഞ്ച് ബില്യൻ സാമ്പത്തിക വളർച്ചയിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്നങ്ങൾക്ക് കരുത്തേകുന്നതാണ് കേരളത്തിന്റെ സമസ്ത മേഖലയിലുമുള്ള വളർച്ചയെന്നും അദ്ദേഹം പറഞ്ഞു. തൊഴിൽ നൈപുണ്യരായ യുവജനതയും നിക്ഷേപ സൗഹൃദമുള്ള കേരളത്തിന്റെ കാലാവസ്ഥയും വ്യവസായ സംരംഭങ്ങൾക്ക് കരുത്തേകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആഗോള തലത്തിൽ കാർഷിക മേഖലയിലും, ഫുഡ് പ്രോസസിങ്ങ് മേഖലയിലും ലുലു നിക്ഷേപം നടത്തുകയാണ്. ഇൻഫ്രാസ്ട്രച്ചർ, ഉന്നതവിദ്യാഭ്യാസം, എന്നീ മേഖലയിൽ കേരള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയും അദ്ദേഹം അറിയിച്ചു. ചടങ്ങിൽ ഗവർണർ ഫിലിപ്പ് ഡി മർഫിയുടെ ഭാര്യ താമി മർഫി, വ്യവസായ മന്ത്രി പി. രാജീവ്, മേയർ എം. അനിൽകുമാർ, ന്യൂജേഴ്സി സർക്കാരിന്റെ പ്രതിനിധികൾ, സംസ്ഥാന സർക്കാരിന്റെ ഉന്നത തല ഉദ്യോഗസ്ഥർ, രാജ്യത്തെ ബിസിനസ് സംരംഭകർ, മാധ്യമസ്ഥാപന മേധാവികൾ ഉൾപ്പടെയുള്ളവർ പങ്കെടുത്തു.



# കരുത്തിന്റെ പ്രതീകമായി മെഷീനറി എക്സ്പോയിൽ ക്രെയിനുകൾ

**കൊച്ചി:** കരുത്തിന്റെ പ്രതീകമായി മെഷീനറി എക്സ്പോയിൽ ക്രെയിനുകളുടെ സാന്നിധ്യം. കാക്കനാട് ഇൻഫ്ര പാർക്കിലെ എക്സ്പോ വേദിയുടെ മുൻവശത്തു തന്നെ ഇവയുണ്ട്. ആർട്ടിക്കുലേറ്റഡ് ഉൾപ്പെടെ ക്രെയിനുകൾ ഇവിടെ കാണാം. രണ്ടാളെ കയറ്റി 22 മീറ്റർ വരെ ഉയരത്തിൽ എത്തുന്ന പല വിധത്തിലുള്ളവയാണ് ആർട്ടിക്കുലേറ്റഡ് ക്രെയിൻ. 12 ടൺ വരെ ഭാരം വഹിക്കാൻ ഇവയ്ക്കാവും. മറ്റൊരു ഹെവി മെഷീനറി കാനകളും ഓടകളും വൃത്തിയാക്കാൻ സഹായകമായ യന്ത്രങ്ങളാണ്. ഇവയുടെ കുഴൽഭാഗങ്ങൾ കാനയുടെ ഉള്ളിലേക്ക് ചെന്ന് നിർദ്ദേശാനുസൃതം മാലിന്യങ്ങൾ വലിച്ചെടുക്കും.

വ്യത്യസ്ത വ്യവസായിക ആവശ്യങ്ങൾ നിറവേറ്റുന്നവയാണ് ട്രക്കിൽ ഉറപ്പിച്ച ഹൈഡ്രോളിക് ക്രെയിനുകൾ. മാർബിൾ, കല്ലുകൾ, തടികൾ മുതലായവയൊക്കെ കയറ്റിറക്കുമതി ചെയ്യാനും ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു നീക്കാനും ഇവ പ്രയോജനപ്പെടും. ഇന്ത്യയിൽ നിർമ്മിച്ചവയാണെന്നത് ക്രെയിനുകളുടെ എല്ലാം സവിശേഷതയാണ്.



# എ ഐയിൽ പ്രവർത്തിക്കുന്ന തയ്യൽ യന്ത്രങ്ങൾ മെഷീനറി എക്സ്പോയിൽ

**കൊച്ചി:** വസ്ത്രമേഖലയെ ലക്ഷ്യം വയ്ക്കുന്ന ആധുനികതയുടെ നേർസാക്ഷ്യം കാണാം കാക്കനാട് കിൻഫ്ര പാർക്ക് ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലെ മെഷീനറി എക്സ്പോയിൽ. തേപ്പ്, തയ്യൽ, അലങ്കാരങ്ങൾ എന്നിവയുടെയെല്ലാം അത്യാധുനിക കാഴ്ചകളൊരുക്കുകയാണ് ഇവയുടെ സ്റ്റാളുകൾ. ഓട്ടോമാറ്റിക്, കംപ്യൂട്ടറൈസ്ഡ് യന്ത്രങ്ങൾ മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്ന യന്ത്രങ്ങൾ വരെ എക്സ്പോയിലുണ്ട്. മെഷീനിൽ വാക്വം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന അയൺ ബോക്സുകൾ നിമിഷങ്ങൾക്കകം ജോലി തീർക്കും. വീടുകളിൽ ഇത്തരം അയൺ ബോക്സുകൾ പ്രോത്സാഹിപ്പിക്കുന്നില്ല. ഉയർന്ന ചെലവാണ് കാരണം. 55,000 രൂപ തൊട്ട് വിലവരുന്ന ഇവ ഗാർമെന്റ്സ് കടകളെയാണ് ലക്ഷ്യമിടുന്നത്. മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് ഉൽപാദകർ പറയുന്നു.

നവീകൃത തയ്യൽ യന്ത്രങ്ങൾ എക്സിബിഷൻ കാണാനെത്തുന്നവരുടെ ഹൃദയം കവരും. ഇവ വേഗത്തിൽ, കൃത്യതയോടെ നിർദ്ദേശാനുസൃതം തയ്യൽ തീർക്കുന്നു. എംബ്രോയിഡറി, കോളർ, കഫ് എന്നിവയുടെയെല്ലാം സംയോജനം സൂക്ഷ്മമായി, അതിവേഗം ഇവ തീർക്കും. പല ഡിസൈനുകളും തത്സമയം കംപ്യൂട്ടർ സ്ക്രീനിൽ കണ്ട് തെരഞ്ഞെടുക്കാനും അവസരമുണ്ട്. പല വിധത്തിലും എംബ്രോയിഡറി ചെയ്യാവുന്ന മെഷീനുകൾ ലഭ്യമാണ്. ബീഡുകൾ ഉൾപ്പെടെ മെഷീനിലേക്ക് ഇട്ടു കൊടുത്തു പ്രോഗ്രാം ചെയ്താൽ അതിനനുസൃതം അവ തുന്നിവരും. കത്രിക മുതൽ തയ്യലുമായി ബന്ധപ്പെട്ട എന്തും തയ്യൽയന്ത്ര സ്റ്റോളുകളിൽ കിട്ടും. പലതും ലക്ഷ്യമിടുന്നത് വ്യവസായോൻമുഖ ഗാർമെന്റ് കടകളെയും സ്ഥാപനങ്ങളെയുമാണ്.




# മെഷീനറി എക്സ്പോ വിപുലപ്പെടുന്നത് വ്യവസായിക വളർച്ചയുടെ സാക്ഷ്യം: മന്ത്രി പി രാജീവ്

**കൊച്ചി:** മെഷീനറി എക്സ്പോ വിപുലപ്പെടുന്നത് വ്യവസായം വിപുലീകരിക്കപ്പെടുന്നതിന്റെയും ആധുനികവൽക്കരിക്കപ്പെടുന്നതിന്റെയും തെളിവാണെന്ന് മന്ത്രി പി. രാജീവ്. വ്യവസായ വികസനത്തിന് അനുസൃതമായ പുതുമെഷീനറികൾ ആവശ്യമാണ്. അത് എല്ലാവരെയും പരിചയപ്പെടുത്തുകയാണ് എക്സ്പോയുടെ ലക്ഷ്യം.

സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പ് സംഘടിപ്പിച്ച ഏഴാമത് മെഷിനറി എക്സ്പോ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വ്യവസായം വിപുലപ്പെടുത്താൻ ഏറെ ക്രിയാത്മക നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. നിക്ഷേപസമാഹരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുകയും തുടരെ വിലയിരുത്തുകയും ചെയ്യുന്നു. നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനു കർമ്മപദ്ധതി ആവിഷ്കരിച്ചു. വ്യവസായ വളർച്ചക്കു എല്ലാ വകുപ്പുകളിലും മാറ്റങ്ങൾ വരുത്തി. അത് തുടരുകയുമാണെന്നും മന്ത്രി പറഞ്ഞു.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എട്ടെണ്ണം പൂർത്തിയാക്കാനായത് സംസ്ഥാന ചരിത്രത്തിലെ നേട്ടമാണ്. ഇതേ മാതൃക മറ്റ് മേഖലകളിലും പ്രകടമാണ്. എം.എസ്.എം.ഇ മേഖലയിൽ ഏഴര ലക്ഷം തൊഴിൽ സൃഷ്ടിക്കാനായി.

കേരളത്തിന്റെ ചിത്രം മാറുകയാണ്. ഇവിടെ ഒന്നുമേ ഇല്ലെന്നും വ്യവസായ മേഖല ശൂന്യമാണെന്നും ഉള്ള പ്രചാരണം ഇല്ലാതായി. നന്നായി മുന്നേറാൻ കേരളത്തിനായി. നമ്മുടെ ചെറുപ്പക്കാർക്കു ഇവിടെ തന്നെ ജോലി ചെയ്യാൻ കഴിയുന്നു എന്നു മാത്രമല്ല മറ്റിടങ്ങളിൽ ജോലിചെയ്തിരുന്നവരും ഇവിടേക്കു വരുന്നു. വിപ്ലവകരമായ മാറ്റത്തിനാണ് കേരള വ്യവസായം സാക്ഷ്യം വഹിക്കുന്നത്. കേന്ദ്രത്തിൽ നിന്നുള്ള വരുമാനത്തിൽ കുറവു വന്നിട്ടും കേരളത്തിനു മുന്നോട്ടു പോകാനായത് ആഭ്യന്തരവരുമാനത്തിന്റെ വളർച്ച കൊണ്ടാണ്. ഇത് വ്യവസായിക വികസനത്തിന്റെ സൂചികയാണ്.

ഏറ്റവും മികവാർന്ന രീതിയിൽ വർഷം തോറും നടക്കുന്ന മെഷീനറി എക്സ്പോ ഇത്തവണ കിൻഫ്ര കൺവെൻഷൻ സെന്ററിലാണ്. ഈ സർക്കാരിന്റെ പ്രധാനപ്പെട്ട വാഗ്ദാനങ്ങളിലൊന്നായിരുന്നു കൺവെൻഷൻ സെന്റർ നിർമ്മിക്കുകയെന്നത്. വാഗ്ദാനം പ്രതീക്ഷിച്ചതിലും നേരത്തെ മനോഹരമായി പൂർത്തിയാക്കാനായതിൽ അത്യന്തം ചാരിതാർഥ്യമുണ്ടെന്നും പി.എം.എസ് പദ്ധതിയുടെ പിന്തുണയോടെ കൂടി സംഘടിപ്പിക്കുന്ന എക്സ്പോയിൽ മന്ത്രി രാജീവ് പറഞ്ഞു.

ഇന്ത്യൻ ഹെറിറ്റേജ് ആൻഡ് കൾച്ചർ സെന്ററിലെ ആൽവിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച സ്വാഗത നൃത്തത്തോടെ ആരംഭിച്ച പരിപാടിയിൽ തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള അധ്യക്ഷയായി. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നിർവഹിച്ചു. കെ.എസ്.ഐ.ഡി.സി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ. ഐ. എ. എസ്, ഫോർട്ട് കൊച്ചി സബ് കളക്ടർ ഗ്രാന്ധേ സായ്കൃഷ്ണ ഐ.എ.എസ് എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി.

തൃക്കാക്കര നഗരസഭ കൗൺസിലർ എം.ഒ വർഗീസ്, വ്യവസായ വാണിജ്യ ഡയറക്ടർ വിഷ്ണുരാജ് പി. ഐ.എ.എസ്, ജോയിന്റ് ഡയറക്ടർ ആന്റ് ഹെഡ് ഓഫ് എം.എസ്.എം.ഇ.ഡിഎഫ്ഒ തൃശൂർ ജി. എസ് പ്രകാശ്, കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, ഫിക്കി കെ.ഇ.എസ്.ഇ ടൂറിസം കമ്മിറ്റി ചെയർമാൻ യു.സി റിയാസ്, സി.ഐ.ഐ കേരള സ്റ്റേറ്റ് കൗൺസിൽ വൈസ് ചെയർപേഴ്സൺ ലേഖ ബാലചന്ദ്രൻ, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി. എ നജീബ് എന്നിവർ സംസാരിച്ചു.

കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെ-ബിപ്പ് സിഇഒ എസ്. സൂരജ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജി.എ രാജീവ് ന്നിവർ സന്നിഹിതരായി.

പൊതുജനങ്ങൾക്കു എക്സ്പോയിലേക്ക് സൗജന്യ പ്രവേശനമുണ്ടായിരിക്കും. രാവിലെ 10 മുതൽ വൈകുന്നേരം 6 വരെയാണ് പ്രവേശനം.

# ഇരുചക്രവാഹനങ്ങൾ വാങ്ങാൻ അവസരമൊരുക്കി ഫ്ളിപ്കാർട്ട് ബിഗ് ബില്യൺ ഡേയ്സ്

**കൊച്ചി:** ഇലക്ട്രിക് വാഹനങ്ങളുടെ വിശാലമായ ശേഖരമൊരുക്കി വരാനിരിക്കുന്ന ഫ്ളിപ്കാർട്ട് ബിഗ് ബില്യൺ ഡേയ്സ്. ഹീറോ, ടിവിഎസ്, ബജാജ്, സുസുക്കി, ടിവിഎസ് ഐക്യൂബ്, ചേതക്, ഏഥർ, വിഡ, ഒഎൽഎ, ആംപിയർ തുടങ്ങി നിരവധി ബ്രാൻഡുകളുടെ സ്കൂട്ടറുകൾ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ എന്നിവ ഫ്ളിപ്കാർട്ട് ബിഗ് ബില്യൺ ഡേയ്സിൽ ലഭ്യമാണ്. കൂടാതെ റോയൽ എൻഫീൽഡ്,ജാവ യെസ്ഡി, കെടിഎം, ട്രയംഫ് എന്നീ പ്രീമിയം മോട്ടോർസൈക്കിളുകളുടെ ലോഞ്ചിനും ബിഗ് ബില്യൺ ഡേയ്സ് 2025ലുണ്ടാകും. ഓഇഎം-കളുമായി നേരിട്ട് സഹകരിക്കുന്നതിനാൽ ബ്രാൻഡ്അധികൃത ഡീലർമാർ വഴി ഉൽപ്പന്ന വിതരണം, വില്പനാനന്തര സേവനം എന്നിവ ഫ്ളിപ്കാർട്ട് ഉറപ്പാക്കുന്നുണ്ട്.

വാഹനമേതെന്ന് തീരുമാനിക്കുന്നത് മുതൽ ബുക്കിംഗ്, വാഹന രജിസ്ട്രേഷൻ, ഇൻഷുറൻസ് എന്നിവ വരെയുള്ള മുഴുവൻ വാങ്ങൾ പ്രക്രിയയും പൂർണ്ണമായും ഡിജിറ്റലാണ്. സീറോ ഡിപ്രീസിയേഷൻ, പേഴ്സണൽ ആക്സിഡന്റ് കവർ തുടങ്ങിയ ഓപ്ഷനുകൾ ഉൾപ്പെടെ അക്കോ, ഐസിഐസിഐ ലോംബാർഡ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് തുടങ്ങിയ ഒന്നിലധികം മുൻനിര ദാതാക്കൾ വഴി ഇൻഷുറൻസ് പരിരക്ഷയും വാഗ്ദാനം ചെയ്യുന്നു. കൂടാതെ 48 മാസം വരെയുള്ള ഇഎംഐ സൗകര്യവും ലഭ്യമാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ തിരഞ്ഞെടുക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടെന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഫ്ളിപ്കാർട്ടിൽ ഇരുചക്ര വാഹനങ്ങൾക്കുള്ള ആവശ്യം മൂന്നിരട്ടിയായി വർദ്ധിച്ചുവെന്നും ഫ്ളിപ്കാർട്ടിന്റെ ഇലക്ട്രോണിക്സ് വൈസ് പ്രസിഡന്റ് സുജിത് അഗാഷെ പറഞ്ഞു.

# ഇന്ദിരാഗാന്ധി ആശുപത്രിയിൽ ഡിജിറ്റൽ എക്സ്-റേ യൂണിറ്റിന്റെ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഡൗൺ ടൗണിന്റെ സഹായത്തോടെ ആരംഭിക്കുന്ന ഡിജിറ്റൽ എക്സ്-റേ യൂണിറ്റിന്റെ ഉദ്ഘാടനം റോട്ടറി ഡിസ്ട്രിക്റ്റ് 3205 ഗവർണ്ണർ ഡോ. ജി. എൻ രമേഷ് ഇന്ന് വൈകുന്നേരം 04.30 ന് നിർവ്വഹിക്കും. ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിക്കും. ആശുപത്രി സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അബ്ദുൾ മുത്തലിബ്, റോട്ടറി ഡിസ്ട്രിക്റ്റ് 3201 ഗവർണർ അഡ്വ. എൻ. സുന്ദരവടിവേലു, റൊട്ടേറിയൻ ജോഷി ചാക്കോ, റൊട്ടേറിയൻ ആർ. ജയശങ്കർ, റോട്ടറി കൊച്ചിൻ മിഡ് ടൗൺ പ്രസിഡന്റ് സൂസി പോൾ, സെക്രട്ടറി സജി ചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

# എക്സ്പോയിൽ പ്രകൃതിക്കിണങ്ങിയ ഉൽപന്നങ്ങൾ; കെട്ടിലും മട്ടിലും വൈവിധ്യമാർന്ന മെഷീനറികൾ

**കൊച്ചി:** പ്ലാസ്റ്റിക് തീണ്ടാത്ത, നൂറു ശതമാനവും പരിസ്ഥിതി സൗഹൃദ ഉൽപന്ന നിർമ്മാണ യന്ത്രങ്ങൾ കാക്കനാട് കിൻഫ്ര ഇന്റർനാണൽ എക്സിബിഷൻ സെന്ററിലെ മെഷീനറി എക്സ്പോ കീഴടക്കുന്ന കാഴ്ച. ടിഷ്യൂ പേപ്പർ, പേപ്പർ ബാഗ്, പേപ്പർ കപ്പ് മുതലായവയുടെ നിർമ്മാണ യന്ത്രങ്ങൾ ജനശ്രദ്ധ പിടിച്ചു പറ്റുന്നു.



എന്തിനും ഏതിനും ഉപയോഗിക്കുന്ന ടിഷ്യൂ പേപ്പറിന്റെ അത്യാധുനിക മാതൃകകൾ ഇവിടെ കാണാം. മണിക്കൂറിൽ 30,000 എണ്ണം വരെ ലഭ്യം. വ്യത്യസ്ത സ്പീഡിൽ ടിഷ്യു ലഭ്യമാക്കുന്ന മെഷീനുകൾ.

ഹൈസ്പീഡ്, ഓട്ടോമാറ്റിക് മെഷീനുകളിൽ തീർത്തും പരിസ്ഥിതി സൗഹൃദ പേപ്പർ കപ്പ് കിട്ടും. ഒരു മിനിറ്റിൽ 100-120 വരെ കപ്പുകൾ. 150-300 എം.എൽ വരെ കപ്പാസിറ്റി ഉള്ള കപ്പുകളിൽ പ്ലാസ്റ്റിക് കോട്ടിംഗ് ഇല്ല. എത്ര ചൂടിലും എത്ര നേരം വരെയും കപ്പിന് കുഴപ്പമുണ്ടാകില്ല.

പേപ്പർ ബാഗുകൾ വർണങ്ങളിൽ പൊതിഞ്ഞു ലഭ്യമാക്കുന്ന മെഷീനുകളും എക്സ്പോയിലുണ്ട്. മെഡിക്കൽ പൗച്ച് മുതൽ ഷോപ്പിംഗ് ബാഗുകൾ വരെ ലഭിക്കും. 100 ഗ്രാം മുതൽ അഞ്ചു കി. ഗ്രാം വരെയാണ് ഇവയുടെ കപ്പാസിറ്റി.

പൊടികളുടെയും ദ്രാവകങ്ങളുടെയും പല വലുപ്പത്തിലുള്ള കവറുകൾ വൈവിധ്യമാർന്ന ലേബൽ സഹിതം കിട്ടുന്ന മെഷീനുകൾ, വിവിധ ശ്രേണികളിലുള്ള ലേബലുകൾ തയ്യാറാക്കുന്ന യന്ത്രങ്ങൾ, പാലും ദ്രാവകങ്ങളും പാക്കിംഗിനുള്ള സംവിധാനങ്ങൾ, അങ്ങനെ എല്ലാം എക്സ്പോ വെളിപ്പെടുത്തുന്നു. യന്ത്രങ്ങൾക്ക് അന്വേഷണങ്ങളും ബുക്കിംഗും ഏറെ.

പ്രോഡക്ടിനു യോജ്യമായ പ്രിന്റിംഗ് സഹിതമുള്ള ഏറ്റവും പുതിയ കാർട്ടൺ ഒരുക്കുന്ന, ആധുനിക യന്ത്രങ്ങൾ തയ്യാറാക്കുന്നതിനു എക്സ്പോയിൽ ശ്രമിച്ചിട്ടുണ്ടെന്നു ജനറൽ കൺവീനറും ജില്ല വ്യവസായ കേന്ദ്രം ജനറൽമാനേജരുമായ പി. എ നജീബ് പറഞ്ഞു.

പ്രോഡക്ടിന്റെ മാർക്കറ്റിംഗിൽ പ്രാധാന്യം കൽപ്പിക്കുന്ന ഘടകമാണ് അതിന്റെ പാക്കിംഗ്. അത് പല രീതിയിലായിരിക്കാം. ആകർഷമായ രീതിയിൽ പാക്കിംഗുണ്ട്, പ്രോഡക്ടിനു യോജ്യമായതുണ്ട്. അങ്ങനെ പല കാര്യങ്ങളുമുണ്ട്. ഇതിൽ പലതും വിൽപനയുമായി ബന്ധപ്പെട്ട് നേരിട്ടു ബന്ധപ്പെടുന്ന കാര്യമാണ്. കാലഘട്ടത്തിനനുസൃതമായി വലിയ ഇടപെടൽ മേഖലയിൽ നടക്കുന്നു.

കേരളത്തിൽ പുതിയ സംരംഭങ്ങൾ വരുമ്പോൾ സെയിൽ പെർസെന്റേജ് വർധിക്കുന്നതിനു പാക്കിംഗ് വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് പാക്കിംഗ് പ്രിന്റിംഗ് മേഖലയുമായി ബന്ധപ്പെട്ട് അത്യാധുനിക, ഓട്ടോമാറ്റിക് മെഷീനറികളുടെ പ്രദർശനത്തിനു പ്രത്യേകം ശ്രമിച്ചത് ഫലം കണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. പ്രകൃതിക്കു യോജ്യമായ ഉൽപന്നങ്ങളും അനുരൂപമായ പാക്കിംഗും ഒന്നിച്ച് യാഥാർത്ഥ്യമായിരിക്കുകയാണിവിടെ.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഐടിസി ഹോട്ടൽസിന്റെ ഫോർച്യൂൺ കൊച്ചിയിൽ തുറന്നു

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപം ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രീമിയം ഹോട്ടലായ ഫോർച്യൂൺ എയർപോർട്ട് പ്രവർത്തനമാരംഭിച്ചു. ഹോട്ടലിന്റെ ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു.

ചടങ്ങിൽ പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, എം.എൽ.എ അൻവർ സാദത്ത്, എം.പി. ബെന്നിബഹനാൻ, പഞ്ചായത്ത് പ്രസിഡന്റ് ജയ മുരളീധരൻ, ഓപ്പറേഷൻസ് എഫ്.എച്ച്.പി.എൽ വൈസ് പ്രസിഡന്റ് അരിന്ദം കുനാർ, സൻഹ ലൈഫ്സ്റ്റൈൽ പ്രൈവറ്റ് ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ സമീർ പിബി എന്നിവർ സംബന്ധിച്ചു. ഇതോടെ ദക്ഷിണേന്ത്യയിൽ ഐടിസിഎച്ച്എല്ലിന് 42 ഹോട്ടലുകളായി. ഫോർച്യൂൺ എയർപോർട്ട് റോഡ് കൊച്ചിയിൽ, എല്ലാവിധ സൗകര്യങ്ങളോടും കൂടിയ 72 മുറികളും സ്യൂട്ടുകളുമുണ്ട്. ആധുനിക യാത്രക്കാരുടെ ആവശ്യകതകൾ നിറവേറ്റുന്നതിനും, നഗരത്തിൽ, പ്രത്യേകിച്ച് അതിവേഗം വികസിക്കുന്ന എയർപോർട്ട് കോറിഡോറിൽ ബ്രാൻഡഡ് ഹോട്ടലുകൾക്കുള്ള വർധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനും ഈ ഹോട്ടൽ സഹായകമാകുമെന്ന് ഐടിസി ഹോട്ടൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അനിൽ ഛദ്ദ പറഞ്ഞു.

കൊച്ചിയിൽ ഈ പുതിയ സംരംഭം കൊണ്ടുവരുന്നതിനായി ഐടിസിഎച്ച്എൽ, ഫോർച്യൂൺ ഹോട്ടൽസ് എന്നിവരുമായി സഹകരിക്കുന്നതിൽ അഭിമാനമുണ്ടെന്ന് സെൻഹ ലൈഫ്സ്റ്റൈൽ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സമീർ പൂക്കുഴി പറഞ്ഞു.

# സൊമാറ്റോയുമായി കൈകോർത്ത് മേക്ക്മൈട്രിപ്പ്

**കൊച്ചി:** ഭക്ഷണം ഓർഡർ ചെയ്താൽ ഡെലിവറി ചെയ്യുന്നതിനുള്ള രാജ്യത്തെ പ്രമുഖ പ്ലാറ്റ്ഫോമായ സൊമാറ്റോയുമായി കൈകോർത്ത് ട്രെയിൻ യാത്രക്കാർക്ക് അവരുടെ സീറ്റുകളിൽ നേരിട്ട് ഭക്ഷണം എത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നു ഇന്ത്യയിലെ മുൻനിര ഓൺലൈൻ യാത്രാ കമ്പനിയായ മേക്ക്മൈട്രിപ്പ്. ട്രെയിൻ ടിക്കറ്റ് മേക്ക്മൈട്രിപ്പ് ആപ്പിലൂടെ ബുക്ക് ചെയ്യുന്ന യാത്രക്കാർക്ക് ഇപ്പോൾ 130ലധികം സ്റ്റേഷനുകളിൽ സൊമാറ്റോയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 40,000ൽ പരം റെസ്റ്റോറന്റ് പങ്കാളികളിൽ നിന്ന് ഭക്ഷണം ഓർഡർ ചെയ്യാൻ കഴിയും

# ഏഥർ എനർജി 500 എക്സ്പീരിയൻസ് സെന്ററുകൾ കടന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വൈദ്യുത ഇരുചക്ര വാഹന നിർമ്മാതാക്കളായ ഏഥർ എനർജി ലിമിറ്റഡ്, ഇന്ത്യയിലുടനീളം 500ലധികം എക്സ്പീരിയൻസ് സെന്ററുകൾ (ഇ.സി.) തുറന്നു. കഴിഞ്ഞ കുറച്ച് മാസങ്ങളായി, ഏഥർ തങ്ങളുടെ വൈദ്യുത സ്കൂട്ടറുകൾക്കായുള്ള, പ്രത്യേകിച്ച് ഏഥറിന്റെ ആദ്യത്തെ കുടുംബ സ്കൂട്ടറായ റിസ്റ്റയ്ക്കുള്ള വർദ്ധിച്ചുവരുന്ന ഉപഭോക്തൃ ആവശ്യം നിറവേറ്റുന്നതിന്റെ ഭാഗമായിക്കൂടിയാണ് എക്സ്പീയൻസ് സെന്ററുകൾ കൂടുതൽ തുറന്നുകൊണ്ടിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ക്ലെയിം സെറ്റിൽമെന്റ് നിരക്കിൽമുന്നിലെത്തി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 2025 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ഈ മേഖലയിലെ ഏറ്റവും ഉയർന്ന 99.60 ശതമാനം എന്ന ക്ലെയിം സെറ്റിൽമെന്റ് നിരക്ക് രേഖപ്പെടുത്തിയതായി കമ്പനി അധികൃതർ വ്യക്തമാക്കി. പ്രത്യേകിച്ച് അന്വേഷണം ആവശ്യമില്ലാത്ത ഡെത്ത് ക്ലെയിമുകൾ തീർപ്പാക്കാൻ കമ്പനിക്ക് ശരാശരി 1.1 ദിവസം മാത്രമാണ് എടുത്തത്. ക്ലെയിം ഫോർ ഷുവർ സേവനം എന്ന പദ്ധതിയുടെ ഭാഗമായി ആവശ്യമായ എല്ലാ രേഖകളും ലഭിച്ച ശേഷം ഒരു ദിവസത്തിനുള്ളിൽ അർഹതയുള്ള എല്ലാ ക്ലെയിമുകളും തീർപ്പാക്കുമെന്ന് കമ്പനി ഉറപ്പ് നൽകുന്നു.

# ഹുറൂൺ ഇന്ത്യ എക്സെലൻസ് അവാർഡ് വി. പി. നന്ദകുമാർ കുടുംബത്തിന്



**തൃശൂർ:** ബർക്ലേസ് പ്രൈവറ്റ് ക്ലയന്റ്സും ഹുറൂൺ ഇന്ത്യയും ചേർന്നു നൽകുന്ന 2025ലെ എക്സെലൻസ് അവാർഡ് വി.പി നന്ദകുമാർ കുടുംബത്തിന്. കുടുംബ ബിസിനസിൽ നേതൃപാടവം പ്രകടിപ്പിക്കുകയും മികച്ച പ്രകടനം നടത്തുകയും ചെയ്യുന്നവർക്കുള്ള അവാർഡാണ് മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെയർമാൻ വി. പി നന്ദകുമാറിന്റെ കുടുംബത്തിനു ലഭിച്ചത്. രാജ്യത്തെ സാമ്പത്തിക മേഖലയ്ക്കു മണപ്പുറം ഫിനാൻസ് നൽകി വരുന്ന മാതൃകാപരമായ സംഭാവനയാണ് ഇതിനായി പരിഗണിക്കപ്പെട്ടത്. കുടുംബത്തിനു വേണ്ടി വി. പി നന്ദകുമാറിന്റെ മരുമകൾ നിനി സുഹാസ് അവാർഡ് ഏറ്റു വാങ്ങി.

മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ കുതിപ്പും അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ഗുണപരമായ ഫലവും അംഗീകരിക്കപ്പെടുന്നതിൽ അതിയായ ആഹ്ലാദമുണ്ടെന്ന് അവാർഡ് സ്വീകരിച്ചു സംസാരിക്കവേ നിനി സുഹാസ് പറഞ്ഞു. വർഷങ്ങളായി കമ്പനിയിൽ അർപ്പിതമായ വിശ്വാസം ഉയർത്തിപ്പിടിച്ച് എല്ലാവരേയും ഉൾക്കൊള്ളുന്ന സാമ്പത്തിക വളർച്ചയ്ക്കായി ശ്രമിക്കുമെന്ന് അവർ കൂട്ടിച്ചേർത്തു.

രാജ്യത്തെ ഏറെ ആദരിക്കപ്പെടുന്ന മുപ്പതോളം ബിസിനസ് കുടുംബങ്ങളുടെ സംഗമ വേദി കൂടിയായി അവാർഡ് ദാനച്ചടങ്ങ്. രാജ്യത്തൊടൊപ്പം വളർന്ന ഈ കുടുംബ വ്യവസായങ്ങൾ സമൂഹങ്ങൾക്ക് രൂപം നൽകുകയും സമ്പദ് ഘടനയെ ശക്തിപ്പെടുത്തുകയും തലമുറകളിലൂടെ അതിന്റെ മികവ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് രണ്ടാം വർഷമാണ് ബർക്ലേസ് പ്രൈവറ്റ് ക്ലയന്റ്സും ഹൂറൂൺ ഇന്ത്യയും ചേർന്ന് ഇന്ത്യൻ കുടുംബ വ്യവസായ മേഖലയെ ആദരിക്കുന്നത്.

ഇതോടനുബന്ധിച്ച് ഫ്രം വെൽത്ത് ക്രിയേഷൻ ടു സ്റ്റ്യൂവർഡ്ഷിപ്പ് ദി എവല്യൂഷൻ ഓഫ് ഫാമിലി ബിസിനസ് ലീഡർഷിപ്പ് എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ പാർഥിവ് നിയോടിയ, കൃഷ്ണ ദുഷ്യന്ത് റാണ, മിറിക് ഗോഗ്രി എന്നിവർ പങ്കെടുത്തു. ബർക്ലേസ് പ്രൈവറ്റ് ക്ലയന്റ്സിന്റെ ആദിഷ് ഘോഷ് മോഡറേറ്ററായിരുന്നു. തുടർന്ന് സഞ്ജീവ് ഗോയങ്ക, ഹർഷ്ബീന സവേരി എന്നിവരുമായി നടന്ന ആശയ വിനിമയം കുടുംബ ബിസിനസ് നേരിടുന്ന വെല്ലുവിളികളിലേക്കും സാധ്യതകളിലേക്കും വെളിച്ചം വീശുന്നതായി മാറി.

